# India’s rapid response team to Kuwait for combating COVID-19

April 11, 2020

## കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി ഇന്ത്യയുടെ ദ്രുത പ്രതികരണ സംഘം കുവൈറ്റിലേക്ക്

ഏപ്രിൽ 11, 2020

കോവിഡ്-19 പകർച്ചവ്യാധിയോടുള്ള കുവൈറ്റ് സർക്കാരിന്റെ പ്രതികരണ പരിശ്രമങ്ങളെ പ്രതികരിക്കുന്നതിനായി 15 ഇന്ത്യൻ ഡോക്ടർമാർ ആരോഗ്യ പരിചരണ പ്രവർത്തകർ എന്നിവരുടെ സംഘം ഇന്ന് കുവൈറ്റിലെത്തി. ബാധിക്കപ്പെട്ട ആളുകളെ പരിശോധിക്കുന്നതിനും അവരുടെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി മെഡിക്കൽ സംഘം കുവൈറ്റിൽ രണ്ടാഴ്ച തങ്ങുമെന്നാണ് കരുതുന്നത്. കുവൈറ്റ് സർക്കാരിന്റെ അഭ്യർത്ഥന പ്രകാരമാണ് ദ്രുത പ്രതികരണ സംഘത്തെ നിയോഗിച്ചിട്ടുള്ളത്.

ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും കുവൈറ്റ് പ്രൈം മിനിസ്റ്റർ ശ്രീ ഷെയ്ഖ് സബഹ് അൽ-ഖാലിദ് അൽ-ഹമദ് അൽ-സബഹുമായി അടുത്തിടെ നടത്തിയ ടെലിഫോൺ സംഭാഷണത്തിൽ ഇരു നേതാക്കളും ആഗോള പകർച്ചവ്യാധിക്കെതിരെ ദൃഢവും ഏകീകൃതവുമായ പരിശ്രമങ്ങൾ നടത്തുമെന്ന് സമ്മതിച്ചിരുന്നു, ഇതേ തുടർന്നാണ് ഇന്ത്യയിൽ നിന്നുള്ള വൈദ്യ വിദഗ്ധരുടെ സംഘത്തെ നിയോഗിക്കുന്നത്. ഇതിനു ശേഷം വിദേശ കാര്യ മന്ത്രി ഡോ:എസ് ജയ്ശങ്കറും കുവൈത്തിലെ സമാനാധികാരമുള്ള ഉദ്യോഗസ്ഥരും തമ്മിൽ കുവൈത്തിലെ നിലവിലെ സ്ഥിതികൾ സംബന്ധിച്ച് ടെലിഫോൺ സംഭാഷണം നടത്തുകയും ഈ പ്രതിസന്ധി ഘട്ടത്തിലെ സഹകരണം ഉറപ്പാക്കുന്നതിന് ചർച്ച ചെയ്യുകയും ചെയ്തിരുന്നു.

ചരിത്രപരവും, സാംസ്കാരികവും, സാമ്പത്തികവും , വ്യക്തിഗതവുമായ മേഖലകളിൽ ഇന്ത്യയും കുവൈറ്റും തമ്മിൽ ശക്തമായ പങ്കാളിത്തം നിലനിൽക്കുന്നുണ്ട്. കുവൈറ്റ് ജനതയുടെ ഏകദേശ ജനസംഖ്യയിൽ പത്തു ലക്ഷത്തോളവും പ്രവാസിയായ ഇന്ത്യക്കാരാണ്. പ്രതിസന്ധിയെ കാര്യക്ഷമമായി നേരിടുന്നതിനുള്ള പരിശ്രമങ്ങളുടെ ഭാഗമായി ഇന്ത്യ വിദൂര അയൽരാജ്യമായ കുവൈറ്റിലേക്ക് എത്തിച്ചേർന്നിരിക്കുന്നു.

**ന്യൂ ഡൽഹി**
**11 ഏപ്രിൽ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.